മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala2023@gmail.com

നം: NREGA/32/2024-A1 തീയതി : 02-11-2024

# വിജ്ഞാപനം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന മിഷൻ ഓഫീസിലേക്ക് ചുവടെപ്പറയുന്ന തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിക്കുന്നു.

**1. ടെക്നിക്കൽ എക്സ്പെർട്ട് (അഗ്രികൾച്ചർ) - 1 ഒഴിവ്**

- നിയമന രീതി - അന്യത്ര സേവന വ്യവസ്ഥ
- യോഗ്യത- സംസ്ഥാന മണ്ണ് സംരക്ഷണ വകുപ്പ്, സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ 59300-120900 (പുതിയത്) എന്ന ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് ഡയറക്ടർ/സമാന തസ്തികയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് അപേക്ഷിക്കാം. നീർത്തടാധിഷ്ഠിത പ്ലാനിംഗിൽ ചുരുങ്ങിയത് 5 വർഷത്തെ സജീവ പ്രവർത്തന പരിചയമുള്ള അപേക്ഷകർക്ക് മുൻഗണന.

പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കാൻ താത്പര്യമുള്ള ഉദ്യോഗസ്ഥർ കേരള സർവ്വീസ് റൂൾസ്, പാർട്ട് I, റൂൾ 144 പ്രകാരമുള്ള പത്രിക, വകുപ്പ് തലവൻ നൽകുന്ന നൊ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്, ബയോഡാറ്റ എന്നിവ സഹിതം മാതൃസ്ഥാപനം മുഖാന്തിരം അപേക്ഷിക്കേണ്ടതാണ്.

അപേക്ഷകൾ, 2024 നവംബർ 20 ന് വൈകിട്ട് 5 മണിക്ക് മുമ്പായി ലഭിക്കത്തക്ക വിധത്തിൽ **'മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ, 3-ാം നില, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ്, വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം - 695033'** എന്ന വിലാസത്തിൽ അയച്ച് തരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2313385, ടോൾ ഫ്രീ നമ്പർ 1800 425 1004 എന്ന നമ്പറുകളിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ പകൽ 10.00 മണി മുതൽ 5.00 മണി വരെ ബന്ധപ്പെടാവുന്നതാണ്.

Signed by
Nizamudeen A Ias
Date: 02-11-2024 11:49:41
MISSION DIRECTOR